# പ്രതികരണങ്ങൾ — 8



പ്രതികരണങ്ങൾ — 8
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Trees in greens and blues, a painting by Gregor Perušek (1887–1940). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## സക്കറിയ: യേശുവിന്റെ ചില ദിവസങ്ങൾ

**Rajaji Mathew Thomas**: I felt guilty, that I don’t read Zacharia’s Yeusuvinte Cila Divasangal. It renewed my understanding of Jesus. I waked up Duna (daughter). She read it. Then I read it for Santa (wife).

I wept. It made me pure. Let every day make us pure to start something good and work for the world in which we are.

## സി. സന്തോഷ് കുമാർ: ഒരു തെങ്ങുകയറ്റക്കാരന്റെ ജീവിതത്തിൽ നിന്ന് ആറു ഖണ്ഡങ്ങൾ

**എം എച്ച് സുബൈർ:** 'സൽമ റേഡിയോസ്' 'നിശ്ശബ്ദം' എന്നീ കഥകൾക്ക് ശേഷം സി. സന്തോഷ് കുമാറിന്റെ മറ്റൊരു മികച്ച കഥ. ഓരോ കഥകളിലും വ്യത്യസ്തമായ പ്രമേയങ്ങളെ തിരഞ്ഞെടുക്കുമ്പോൾ അവയ്ക്കിണങ്ങുന്ന ഭാഷയുടെ സാധ്യതകൾ തിരയാനും അതോടൊപ്പം തന്റെ കഥന ശൈലി നിലനിർത്താനും ഈ കഥാകൃത്ത് ശ്രദ്ധിക്കുന്നു.

മനുഷ്യന് പ്രകൃതിയുമായുള്ള അദൃശ്യ തലത്തിലെ ബന്ധവും അതിനെ വരച്ചിടുന്നതിലൂടെ വായനക്കാരന് നൽകുന്ന ദാർശനിക ഉൾക്കാഴ്ച്ചയുമാണ് സി. സന്തോഷ് കുമാറിന്റെ കഥകളുടെ പ്രത്യേകത.

കണ്ണിൻ മുന്നിലെ വർത്തമാന കാല കാഴ്ചയല്ല മുകളിൽ നിന്നും താഴേക്ക് നോക്കുമ്പോൾ വെളിപ്പെട്ടു കിട്ടുന്ന പരിമിതികളില്ലാത്ത ദർശനം. ആ കാഴ്ച്ചയാണ് രാവുണ്ണിയെ 'മുകളിലിരുന്ന് എല്ലാം കാണുകയും അറിയുകയും ചെയ്യുന്ന' 'ബോധോദയ'ത്തിലേക്ക് ഉയർത്തുന്നതും, ദൈവത്തെക്കുറിച്ചുള്ള എല്ലാ സംശയങ്ങളും തീർത്തുകൊടുക്കുന്നതും. മറ്റൊരു മികച്ച കഥയുടെ വായനാനുഭവം നൽകിയ സന്തോഷ് കുമാറിനും സായാഹ്നക്കും നന്ദി.

**നന്ദിനി മേനോൻ:** സി. സന്തോഷ് കുമാറിന്റെ കഥ മനോഹരം. പെട്ടെന്നു മുതിർന്നവളായി തോന്നിച്ച മകളുടെ കാന്തനോട്ടങ്ങൾ കണ്ട് കാലിലിട്ട തള ഊരിപ്പോയതു പോലുള്ളച്ഛന്റെ ചിത്രത്തിനാണ് ഇനിയൊരാകാശക്കാഴ്ച്ചകൾ കഴിയാത്തവണ്ണം തളർന്ന ഭർത്താവിന്റെ ചിത്രത്തിനേക്കാൾ മിഴിവു കൂടുതൽ.

## ജി. ശങ്കരക്കുറുപ്പ്: ഭാഷാ ദീപിക

**ശ്രീദേവി എസ്. കർത്താ:** ആഹാ 1 മുതൽ 5 വരെയുള്ള അഭ്യാസങ്ങളെല്ലാം ചെയ്തു കഴിഞ്ഞ് മിടുക്കിക്കുട്ടി ആയിയിരിപ്പാണ് ഞാൻ രാവിലെ.

**സെന്തിൽ:** "ഭാഷാ ദീപിക"യിലെ പാഠങ്ങൾ ഏറെ രസത്തോടെ വായിച്ചു. ഹൈസ്കൂൾ കാലം ഓർത്തുപോയി. മലയാള വ്യാകരണ പാഠപുസ്തകങ്ങൾ ഉത്സാഹത്തോടെ വായിച്ചിരുന്ന കാലം. സായാഹ്ന വ്യത്യസ്തമായ വായനാനുഭവങ്ങൾ ഒരുക്കുന്നു. അനുമോദനങ്ങൾ.

**കെ. എച്ച്. ഹുസൈൻ:** കുട്ടികൾക്ക് തനതുലിപി പരിചയപ്പെടുത്താനായി 2012-ൽ എന്റെ അന്തരിച്ച അമ്മാവൻ അബ്ദുൽ ഖാദർ എം. കുട്ടി (എപിക്സ്, മാഞ്ഞാലി) അച്ചടിച്ചിറക്കിയ ചെറിയൊരു കൈപ്പുസ്തകമാണ് 'ഇലകൾ പച്ച, പൂക്കൾ മഞ്ഞ'. മലയാളം അദ്ധ്യാപകർ, പ്രത്യേകിച്ച് മലബാർ ഭാഗത്തുള്ളവരാണ് ഇത് കൂടുതലും കൈവശമാക്കിയത്. അഞ്ഞൂറെണ്ണം അച്ചടിച്ചതിൽ അഞ്ചെട്ട് കോപ്പികൾ ഇപ്പോൾ അവശേഷിക്കുന്നു. മരുമകൾ രെഹന (മൂന്നുപീടിക) കവറും ഉള്ളിലെ ചിത്രങ്ങളും വരച്ചു.

SCERT, തിരുവനന്തപുരം ലൈബ്രറിയിൽ നിന്ന്. അന്നവിടെ ലൈബ്രേറിയനായിരുന്ന ഡോ. ലളിത പഴയ ചില പ്രൈമറി സ്കൂൾ പാഠപുസ്തകങ്ങൾ സംഘടിപ്പിച്ചു തന്നു. 1947-നും മുമ്പുള്ളതായിരിക്കുമെന്നാണ് ഓർമ്മ. ജി ശങ്കരക്കുറുപ്പ് കൊച്ചി പാഠാവലിക്കായി ഒന്ന്, രണ്ട്, മൂന്ന് ക്ലാസ്സുകളിലേക്ക് തയ്യാറാക്കിയ പാഠങ്ങൾ ഇന്നും ഒരദ്ഭുതമാണ്. അട്ടഹാസങ്ങളും ചാട്ടങ്ങളും മാത്രമായി തകർന്നുപോയ ഇന്നത്തെ അക്ഷരപഠനങ്ങളിൽ (അപഠനം) നിന്ന് ഒരു പിന്തിരിഞ്ഞുനോട്ടം അത്യാവശ്യമാമെന്ന് അതോർമ്മിപ്പിക്കുന്നു. 'പഴയലിപി'യുടെ വീണ്ടെടുക്കൽപോലെ അക്ഷരാഭ്യസനത്തിലും കാര്യമായ വീണ്ടുവിചാരങ്ങൾ ആവശ്യമായിത്തീർന്നിരിക്കുന്നു.

**കെ. സച്ചിദാനന്ദൻ:** ഇന്നത്തെ പുലരിക്കു തിളക്കം കൂടി. കേരളത്തിൽ വന്നതിൽ പിന്നെ ഇന്ത്യൻ എക്സ്പ്രസ് കാണാറില്ല. കിട്ടിയാൽ ആദ്യം നോക്കുക ഉണ്ണിയുടെ കാർട്ടൂൺ ആണ്. ലോക് ഡൗണിൽ പത്രമിടുന്നത് നിർത്തിയപ്പോഴും രാജ് കമൽ ഝാ ഈ-മെയിലിൽ pdf അയച്ചു കൊണ്ടിരുന്നു. ആഴ്ച്ചയിലൊരിക്കലെങ്കിലും ഈ ചിരിയുടെ വരവും വരയുടെ ചിരിയുമായി വരിക. ചിരിക്കാൻ മറന്നു പോകുന്ന കാലമാണ്.

**ദാമോദർ പ്രസാദ്:** ഹാസ്യം, ആക്ഷേപഹാസ്യം, വെറും തമാശ ഇതൊക്കെ കാർട്ടൂൺ എന്ന സങ്കല്പത്തിൽ ഉൾച്ചേർന്നതാണല്ലോ. കാർട്ടൂൺ കാണാതെ തന്നെ കാർട്ടൂൺ എന്ന് കേൾക്കെ തന്നെ അതൊരു ചിരിയുണർത്തും. അതൊരു പക്ഷേ കാർട്ടൂൺ വരയുടെ വംശാവലിയും പാരമ്പര്യവും അങ്ങനെയായതുകൊണ്ടായിരിക്കാം. കോമിക്ക് സ്ട്രിപ്പ് കാർട്ടൂണിന്റെ ഒരു പ്രധാന ശാഖയാണല്ലോ.

ഇ പി ഉണ്ണിയുടെ പൊളിറ്റിക്കൽ കാർട്ടൂണിങ്ങാണ്. ചിരി ഒരുപക്ഷേ, ലക്ഷ്യമായിരിക്കെ, ഇ പി ഉണ്ണി നല്ല ആഴ്ത്തിലുള്ള രാഷ്ട്രീയ ചിന്തയ്ക്ക് പ്രാധാന്യം നല്കുന്ന കാർട്ടൂണിസ്റ്റാണ്. രണ്ട് മൂന്ന് വാക്കുകൾ മാത്രം വരുന്ന കാപ്ഷനിൽ ഒരു രാഷ്ട്രീയ ദർശനം സംഗ്രഹിച്ചിട്ടുണ്ടാകും. ചിന്തയ്ക്ക് വലിയ പ്രാധാന്യം നല്കുന്ന കാർട്ടൂണിങ്ങാണ് ഇ പി ഉണ്ണിയുടേതെന്നാണ്.

ലോക്ക് ഡൗൺ സമയത്ത് നിരാലംബരും ഹതാശരുമായ കുടിയേറ്റ തൊഴിലാളികൾ കടുത്ത യാതനകളിലൂടെ കടന്നു പോകവേ ഇ പി ഉണ്ണിയുടെ കാർട്ടൂൺ ചിരിയിൽ നിന്ന്, പതുക്കെ പിൻവാങ്ങി ആ കടുത്ത യാതനയെ ആവിഷ്ക്കരിക്കുന്നതിലായിരുന്നു ശ്രദ്ധിച്ചത്.

ഇന്നത്തെ കാർട്ടൂണുകൾ നോക്കുക. ഗാന്ധിയും ജയശങ്കറും വരുന്ന കാർട്ടൂൺ ഒന്നു ശ്രദ്ധിക്കൂ. കൂർപ്പിച്ച ചുണ്ടുകളുള്ള ഗാന്ധി നമ്മുടെ പതിവ് ഔദ്യോഗിക ഗാന്ധി ചിത്രമല്ല. ചൈനയുമായുള്ള മത്സരത്തിൽ ഗാന്ധിയുടെ ഇത്തിരി ഉപ്പ് ചേർത്തു കഴിക്കുക എന്ന വാചകത്തിൽ ഉപ്പിൽ ചരിത്രത്തിന്റെ ഗാഢമായൊരു വിളിയുണ്ട്.

വെറുമൊരു പുലർകാല ചിരിയെ ഉണർത്തുക എന്ന ഒരു പക്ഷേ കാർട്ടൂണിന്റെ പ്രാഥമിക കർത്തവ്യ നിർവ്വഹണത്തിനപ്പുറം ഒരു ദിവസത്തെക്കുള്ള മുഴുവൻ ചിന്തയ്ക്കുള്ള വക നല്കുന്നുണ്ട്.

അത് പോലെ ടെസ്റ്റ് ക്രിക്കറ്റ് നോക്കൂ. ടെസ്റ്റ് എഡിറ്റ് ചെയ്തു ചെയ്തു വൺ ഡേയിൽ നിന്ന് ട്വന്റി ട്വന്റിയായി, പിന്നെ അഞ്ച് ഓവർ കളിയായി ചുരുക്കി.

അതാ, ലോക്ക് ഡൗണിനു ശേഷം ടെസ്റ്റ് ക്രിക്കറ്റ് തിരികെ വരുമ്പോഴാണ് സി ബി എസ് ഇ യുടെ ടെക്സ്റ്റ് എഡിറ്റിങ്ങ്!

ലഘൂകരിക്കപ്പെട്ടു പോകുന്നതോ മനുഷ്യാനുഭവങ്ങളുടെ ഏറ്റവും അനിവാര്യമായ പാഠങ്ങളും.

ആ നോർമൽ കാർട്ടൂൺ നോക്കൂ. അതിൽ യോഗി രാഷ്ട്രീയത്തിന്റെ വിമർശനം മാത്രമല്ല ദൃശ്യ മാധ്യമങ്ങളുടെ വർത്തമാന സ്ഥിതിയെയും വരച്ചിടുന്നു.

**കെ. സച്ചിദാനന്ദൻ:** ദാമോദർ, ചിരി എന്നത് ബുദ്ധിശൂന്യമായ ഒരു കാര്യമാണെന്ന് താങ്കൾ കരുതുന്നതായി തോന്നുന്നു. ഉണ്ണിയുടെ ഓരോ വാക്കിന്റെയും രാഷ്ട്രീയം തിരിച്ചറിയാത്ത ഒരാളായി എന്നെ കാണുന്നതിൽ ഖേദമുണ്ട്. താങ്കളുടെ വ്യാഖ്യാനങ്ങൾ ആവശ്യമുള്ളവയല്ല ഉണ്ണിയുടെ ആസ്വാദകർക്ക് അദ്ദേഹത്തിന്റെ കാർട്ടൂണുകൾ. ചിന്താശൂന്യമായ ചിരി ഉയർത്തുന്നവരെ ഞാൻ കാർട്ടൂണിസ്റ്റുകളായി കാണുന്നില്ല, അവർ കോമാളികളാണ്. ശങ്കർ, കുട്ടി, വിജയൻ ഈ പരമ്പരയ്ക്കു ആഴം നൽകിയ ആളാണ് ഉണ്ണി. ആഴമില്ലാത്ത ചിരി പൊള്ളയാണ്. അതെന്നോടു സംവദിക്കില്ല.

**ദാമോദർ പ്രസാദ്:** എന്തുകൊണ്ടിങ്ങനെയൊരു പ്രതികരണം സച്ചി മാഷിൽ ഉണ്ടാക്കിയതെന്ന് എനിക്ക് അത്ര വ്യക്തമാകുന്നില്ല.

**കെ. സച്ചിദാനന്ദൻ:** ചിരിയെക്കുറിച്ച് ഞാനാണല്ലോ പോസ്റ്റ് ഇട്ടത്.

**ദാമോദർ പ്രസാദ്:** ശരിയാണ്. പക്ഷേ ഞാൻ ഒരു വരിയിൽ പോലും മാഷിന്റെ അഭിപ്രായത്തെ വിമർശിക്കുക പോലും ചെയ്തിലല്ലോ.

കൂടുതൽ എഴുതാൻ രാവിലെ മാഷിന് സമയം കിട്ടിയിട്ടുണ്ടാവില്ല. ഒരു രീതിയിൽ മാഷിന്റെ അഭിപ്രായത്തെ/നിരീക്ഷണത്തെ വികസിപ്പിക്കാനാണ് ശ്രമിച്ചതെന്ന് പറയാം.

**കെ. സച്ചിദാനന്ദൻ:** വയസ്സാകുമ്പോൾ കൂടുതൽ സെൻസിറ്റിവ് ആകുന്നു. മറിച്ചാകാം വേണ്ടത്. ക്ഷമ.

**അഷ്റഫ്:** ഒരു ചെറിയ സുഷിരത്തിലൂടെ വിശാലപുറംലോകം ഒന്നായിക്കാണുന്നത് പോലെ, വയസ്സാകുമ്പോൾ നാം എല്ലാം മൊത്തത്തിൽ കാണാൻ തുടങ്ങുന്നു. ഒരു വിഷയത്തിൽ പ്രതികരിക്കുമ്പോൾ ആ വിഷൻ നമ്മെ ചതിച്ചേക്കാം. നമ്മുടെ പ്രതികരണവും കൊണ്ട് സമയം കടന്നു പോയശേഷം മാത്രമേ, അത് മനസ്സിലാക്കുവാനുള്ള വേഗത നാം ആർജ്ജിക്കുന്നുള്ളൂ. സായാഹ്നയുടെ ജാലകത്തിലൂടെ ഇവയൊക്കെ ജീവിതത്തിന്റെ രസങ്ങൾ ആയി കാണാം.

## വിനോദ് ചന്ദ്രൻ: നവോത്ഥാനത്തിന്റെ 'ഗുരു'നേരം

**സി. സി. ജെ. ജോർജ്ജ്:** ഒരു തരത്തിൽ വിമോചകമായ ഒരു വായനയാണിത്. ഗുരുവിന്റെ ഖരത്വപത്തിൽ നിന്നുള്ള വിമോചനം. യഥാർത്ഥഗുരു എന്നൊന്നും പറയുന്നില്ല. അങ്ങനെ ഒന്നല്ലല്ലോ (ഒന്നില്ല)? ഗുരുവിലെ നടനകാന്തി തേടുന്ന വിനോദ് ചന്ദ്രൻ.

## സാബു ഹരിഹരൻ: വെറുമൊരു സായാഹ്ന വാർത്ത

**ആനന്ദീ രാമചന്ദ്രൻ:** സാബു ഹരിഹരന്റെ 'ഒരു സായാഹ്ന വാർത്ത': സമൂഹത്തിന്റെ മുന്നിൽ, തെറ്റുകളുടെ മുന്നിൽ നിസ്സഹായരായ മനുഷ്യർ, പ്രതികരിക്കാനാവാതെ, തിരിച്ചടിക്കാനാവാതെ... വേദനിപ്പിക്കുന്ന ആ സത്യം തുറന്ന് കാട്ടുന്ന കഥ.

## ബിനോയ് വിശ്വം: ബാലറാം: ആശയഗംഭീരനായ മാർക്സിസ്റ്റ്

**കെ. സച്ചിദാനന്ദൻ:** എനിക്ക് ആദരവു തോന്നിയിട്ടുള്ള ഇന്ത്യൻ ഇടതുപക്ഷ അക്കാദെമിക്കുകൾ പലരുമുണ്ടെങ്കിലും രാഷ്ട്രീയ നേതാക്കൾ കുറച്ചേയുള്ളൂ. അവരിൽ എൻ. ഇ. ബലറാം പ്രഥമസ്ഥാനത്തു വരും. പി. ഗോവിന്ദപ്പിള്ളയാണ് മറ്റൊരാൾ. ഒരു പക്ഷേ പുസ്തകങ്ങളോടും ആശയങ്ങളോടുമുള്ള അവരുടെ പ്രിയമാകാം കാരണം, വിശേഷിച്ചും ആശയപരമായ വിയോജിപ്പ് എല്ലാ പക്ഷങ്ങളിലും പ്രതീകാത്മകവും യഥാർത്ഥവുമായ വ്യക്തിഹത്യയിലൂടെ ആവിഷ്കരിക്കപ്പെടുന്ന ഇക്കാലത്ത്. ബിനോയ് വിശ്വത്തിന്റെ ഓർമ്മക്കുറിപ്പ് ഉചിതമായി.

## ആനന്ദി രാമചന്ദ്രൻ: ഇരുട്ടിന്റെ ആത്മാവ്

**കെ. സച്ചിദാനന്ദൻ:** മനുഷ്യർ കണ്ടാമൃഗങ്ങളാവുകയും തമസ്സല്ലോ സുഖപ്രദം എന്ന് ശരിക്കും വിശ്വസിക്കാനാരംഭിക്കുകയും ചെയ്യുന്ന ഒരു കാലത്ത് സ്ത്രീപക്ഷത്തുനിന്നുള്ള ആനന്ദിയുടെ കഥയും ഒരു തീക്ഷ്ണപ്രതികരണമായി.

**ആനന്ദി രാമചന്ദ്രൻ:** സന്തോഷമുണ്ട്, എന്റെ കഥയെക്കുറിച്ച് സച്ചിദാനന്ദിനെപ്പോലുള്ളവരുടെ നല്ല അഭിപ്രായങ്ങൾ എനിക്ക് ഏറെ പ്രചോദനം തരുന്നുണ്ട്.

## സക്കറിയ: ഹോസെ മാർട്ടി: ക്യൂബൻ സ്വപ്ന ത്തിന്റെ രചയിതാവ്

**കെ. സച്ചിദാനന്ദൻ:** ഹാ! ഒരിക്കൽ കൂടി ക്യൂബ സന്ദർശിച്ച പോലെ. ഹോസെ മാർട്ടിയുടെ ചില കവിതകൾ പരിഭാഷ ചെയ്തിരുന്നു; സക്കറിയായുടെ വിവർത്തനങ്ങൾ അസ്സലായി. അതെ, അധികാരം ലോകമെങ്ങും മാറുവിരിച്ച് മാംസപേശികൾ പ്രദർശിപ്പിച്ചു നിൽക്കുമ്പോൾ നമുക്ക് ഈ പരാജിതരായ സ്വപ്നാടകരെ വേണം, നാം മനുഷ്യർ തന്നെ എന്നുറപ്പുവരുത്താൻ.

**ഇ. വി. രാമകൃഷ്ണൻ:** ഹോസെ മാർട്ടിയുടെ വരികളിൽ തുടിക്കുന്ന സ്വപ്നങ്ങളും വിശ്വാസങ്ങളും വേറൊരു കാലത്തിന്റെതു്. അവയുടെ വിമോചകദൗത്യം നമ്മുടെ കാലത്തിനു പകരുന്നതു് മറ്റെവിടെയും കാണാത്ത ഊർജം. നമ്മുടെ നൂറ്റാണ്ടിനെ പാകപ്പെടുത്താൻ ഇത്തരം വരികൾ, ഓർമപ്പെടുത്തലുകൾ ഇനിയും വേണം.

**പി. ശിവപ്രസാദ്:** എത്ര ഊർജ്ജമുള്ള, സൗന്ദര്യാത്മക ലോകമാണ് മാർട്ടിയുടെ കവിതകളിൽ! വെറുതെയല്ല ആ സമർപ്പിത ജീവിതം ഫിഡലിനെ, ചെയെ, സുഹൃത്തുക്കളെ ആവേശം കൊള്ളിച്ചതു്.

നന്ദി, സക്കറിയ.

സ്നേഹം, സായാഹ്ന.

**അബ്ദുൽ കാദർ:** ഉരുളികുന്നത്ത് നിന്നും പുറത്തിറങ്ങി ഇത്ര സാന്ദ്രമായി/രാഷ്ടീയമായി ലോകത്തെ കണ്ട മലയാളി സക്കറിയ മാത്രമാണെന്നു്. തോന്നുന്നു.

ഈ ക്യൂബൻ കുറിപ്പ് സൗന്ദര്യാത്മകം മാത്രമല്ല, വിപ്ലവത്തിന്റെ, വിപ്ലവരാഷ്ടീയത്തിന്റെ ദിശാസൂചി കൂടിയാണ്.

ഹോസെ മാർട്ടി, ഫിഡൽ, ചെ-ത്രയം ക്യൂബൻ ജീവിതത്തിന്റെ ജൈവ ലായനിയിലെ ലവണമാകുന്നതിനെ സക്കറിയ നമുക്ക് ഒരു രസതന്ത്രജ്ഞനെപ്പോലെ കാണിച്ചു തരുന്നു. നന്ദി സക്കറിയ നന്ദി…

(ജൂലൈ 12 മുതൽ 18 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളതു്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014